International Federation of Library Associations and Institutions

unesco Information for All Programme

# IFLA-UNESCO പൊതു വായനശാല പ്രകടനപത്രിക 2022

സ്വാതന്ത്ര്യം, സമൃദ്ധി, സമൂഹത്തിന്റെയും വ്യക്തികളുടെയും പുരോഗതി എന്നിവ അടിസ്ഥാന മാനുഷിക മൂല്യങ്ങളാണ്. അറിവുള്ള പൗരന്മാർ അവരുടെ ജനാധിപത്യ അവകാശങ്ങൾ വിനിയോഗിച്ചിട്ടും, സമൂഹത്തിൽ സജീവമായി പങ്കെടുത്തിട്ടും മാത്രമേ ഈ മൂല്യങ്ങൾ നേടാനാകൂ. സൃഷ്ടിപരമായ പങ്കാളിത്തവും, ജനാധിപത്യത്തിന്റെ വികാസവും, തൃപ്തികരമായ വിദ്യാഭ്യാസത്തിലും, കൂടാതെ അറിവ്, ചിന്ത, സംസ്കാരം എന്നിവയിലേക്ക്  സൗജന്യവും പരിധിയില്ലാത്തവുമായ പ്രവേശനത്തിലും ആശ്രയിച്ചിരിക്കുന്നു.

അറിവിലേക്ക് പ്രാദേശികമായ ദ്വാരപഥയായി, പൊതു വായനശാല ആജീവനാന്ത പഠനത്തിനും, സ്വതന്ത്രമായ തീരുമാനമെടുക്കലിനും, വ്യക്തികളുടെയും വർഗ്ഗങ്ങളുടെയും സാംസ്കാരിക പുരോഗതിക്കും അടിസ്ഥാന വ്യവസ്ഥകൾ നൽകുന്നു. എല്ലാത്തരം അറിവിന്റെ ശൃഷ്ടിയും, പങ്കുവയ്ക്കലും സാധ്യമാകീട്ട്, പൊതു വായനശാല വിവേകമുള്ള സമൂഹങ്ങളെ അടികെട്ടുന്നു. വാണിജ്യപരമോ, സാങ്കേതികമോ, നിയമപരമോ തടസ്സങ്ങളില്ലാത്ത ശാസ്ത്രീയവും, പ്രാദേശികവുമായ അറിവ് ഇതിൽ ഉൾപെടുന്നു.

എല്ലാ രാഷ്ട്രങ്ങളിലും, പ്രത്യേകിച്ച് വികസിക്കുന്ന ലോകത്തിൽ, വിദ്യാഭ്യാസത്തിനുള്ള അവകാശങ്ങളും, വിജ്ഞാന സമൂഹങ്ങളിലും,

സമൂഹത്തിന്റെ സാംസ്കാരിക ജീവിതത്തിലും പങ്കെടുക്കലും കഴിയുന്നത്ര ആളുകൾക്ക് പ്രാപ്യമാണെന്ന് ഉറപ്പാക്കാൻ വായനശാലകൾ സഹായിക്കുന്നു.

വിദ്യാഭ്യാസം, സംസ്കാരം, ഉൾപ്പെടുത്തൽ, വിവരങ്ങൾ എന്നിവയ്ക്കായുള്ള ജീവശക്തിയായും, സുസ്ഥിര വികസനത്തിനും, എല്ലാ വ്യക്തികളുടെയും മനസ്സിലൂടെ സമാധാനവും ആത്മീയ ക്ഷേമവും നിറവേറ്റുന്നതിനുള്ള ഒരു അവശ്യ ഏജന്റെന്ന നിലയിലും യുനെസ്കോയുടെ പൊതു വായനശാലയിലുള്ള വിശ്വാസം ഈ പ്രകടനപത്രിക പ്രഖ്യാപിക്കുന്നു.

അതിനാൽ പൊതു വായനശാലകളുടെ വികസനത്തിന് പിന്തുണ നൽകാനും സജീവമായി ഇടപെടാനും യുനെസ്കോ ദേശീയ-പ്രാദേശിക സർക്കാരുകളെ പ്രോത്സാഹിപ്പിക്കുന്നു.

## പൊതു വായനശാല

പൊതു വായനശാല പ്രാദേശിക വിവര കേന്ദ്രം ആണ്. അതിന്റെ ഉപയോക്താക്കൾക്ക് എല്ലാത്തരം അറിവുകളും വിവരങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്നു. എല്ലാ ആളുകൾക്കും വിവരങ്ങളിലേക്കുള്ള പൂർണമായ പ്രവേശനം നൽകാനും, അതിന്റെ അർത്ഥവത്തായ ഉപയോഗം പ്രാപ്തമാക്കാനും ആണ് പൊതു വായനശാലെയുടെ ഉത്തരവ്. ഇത് നടപ്പാക്കുവാൻ വേണ്ടി, വിജ്ഞാന സമൂഹങ്ങളിലെ ഈ ആവശ്യ ഘടകം ആശയവിനിമയത്തിനുള്ള പുതിയ മാർഗങ്ങളുമായി തുടർച്ചയായി പൊരുത്തപ്പെടുന്നു. അറിവ് ഉൽപാദിപ്പിക്കുന്നതിനും, വിവരങ്ങളും, സംസ്കാരവും പങ്കുവയ്ക്കുന്നതിനും, കൈമാറ്റം ചെയ്യുന്നതിനും, നാഗരിക ഇടപെടൽ പ്രോത്സാഹിപ്പിക്കുന്നതിനും, ഇത് പൊതുപ്രവേശനം നൽകുന്നൊരു ഇടം ആണ്.

വായനശാലകൾ സമൂഹത്തിന്റെ സ്രഷ്ടാക്കളായി പുതിയ പ്രേക്ഷകരിലേക്ക് മുൻകൂട്ടി എത്തിച്ചേരുന്നു. പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്ന സേവനങ്ങളുടെ രൂപകൽപ്പനയെ പിന്തുണയ്ക്കുവാൻ വേണ്ടി അവ ഫലപ്രദമായി ശ്രദ്ധിക്കുന്നു. അങ്ങനെ, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് അവ സംഭാവന ചെയ്യുന്നു. പൊതുജനങ്ങൾക്ക് അവരുടെ വായനശാലയിൽ വിശ്വാസമുണ്ട്. പകരം, അവരുടെ സമൂഹത്തിനെ കാര്യവിവരത്തോടെ സൂക്ഷിക്കാനാണ് പൊതു വായനശാലയുടെ അഭിലാഷം.

പ്രായം, വംശം, ലിംഗഭേദം, മതം, ദേശീയത, ഭാഷ, സാമൂഹിക പദവി, മറ്റേതെങ്കിലും വിശേഷലക്ഷണം എന്നിവ പരിഗണിക്കാതെ എല്ലാവർക്കും പ്രവേശനത്തിനുള്ള തുല്യതയുടെ അടിസ്ഥാനത്തിലാണ് പൊതു വായനശാലാ സേവനങ്ങൾ നൽകുന്നത്. എന്ത് കാരണത്താലും സാധാരണ സേവനങ്ങളും സാമഗ്രികളും ഉപയോഗിക്കാൻ കഴിയാത്തവർക്ക്, പ്രത്യേക സേവനങ്ങളും സാമഗ്രികളും നൽകണം — ഉദാഹരണത്തിന്: ഭാഷാ ന്യൂനപക്ഷങ്ങൾ, വൈകല്യമുള്ളവർ, മോശം ഡിജിറ്റൽ അല്ലെങ്കിൽ കമ്പ്യൂട്ടർ കഴിവുള്ളവർ, മോശം സാക്ഷരതാ കഴിവുള്ളവർ, അല്ലെങ്കിൽ ആശുപത്രിയിലോ ജയിലിലോ ഉള്ളവർ.

എല്ലാ പ്രായക്കാരും അവരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ സാമഗ്രികൾ കണ്ടെത്തണം. ശേഖരങ്ങളിലും, സേവനങ്ങളിലും എല്ലാ തരത്തിലുമുള്ള ഉചിതമായ മാധ്യമങ്ങളും, ആധുനിക സാങ്കേതികവിദ്യകളും, പരമ്പരാഗത സാമഗ്രികളും ഉൾപ്പെടുത്തണം. ഉയർന്ന നിലവാരം, പ്രാദേശിക ആവശ്യങ്ങൾക്കും വ്യവസ്ഥകൾക്കും പ്രസക്തി, സമൂഹത്തിന്റെ ഭാഷാപരവും സാംസ്കാരികവുമായ വൈവിധ്യത്തിന്റെ പ്രതിഫലനം, എന്നിവ അടിസ്ഥാനപരമാണ്.

സാമഗ്രികൾ ആധുനിക പ്രവണതകളും, സമൂഹത്തിന്റെ പരിണാമവും, മനുഷ്യ പ്രയത്നത്തിന്റെയും, ഭാവനയുടെയും ഒർമ്മയും പ്രതിഫലിപ്പിക്കണം.

ശേഖരങ്ങളും സേവനങ്ങളും ഏതെങ്കിലും തരത്തിലുള്ള പ്രത്യയശാസ്ത്രപരമോ, രാഷ്ട്രപരമോ, മതപരമോ ആയ സെൻസർഷിപ്പിനോ, വാണിജ്യ സമ്മർദ്ദങ്ങൾക്കോ വിധേയമാകരുത്.

## പൊതു വായനശാലയുടെ ദൗത്യങ്ങൾ

വിവരങ്ങൾ, സാക്ഷരത, വിദ്യാഭ്യാസം, ഉൾപ്പെടുത്തൽ, പൗര പങ്കാളിത്തം, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട ഇനിപ്പറയുന്ന പ്രധാന ദൗത്യങ്ങൾ പൊതു വായനശാലയുടെ സേവനങ്ങളുടെ കാതൽ ആയിരിക്കണം. ഈ പ്രധാന ദൗത്യങ്ങളിലൂടെ, പൊതു വായനശാലകൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കും, കൂടുതൽ സമത്വവും, മാനുഷികവും, സുസ്ഥിരവുമായ സമൂഹങ്ങളുടെ നിർമ്മാണത്തിനും സംഭാവന നൽകുന്നു.

- സെൻസർഷിപ്പിൽനിന്ന് മുക്തമായ വിപുലമായ വിവരങ്ങളിലേക്കും, ആശയങ്ങളിലേക്കും പ്രവേശനം നൽകുക; എല്ലാ തലങ്ങളിലും ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസവും ആജീവനാന്ത പഠനവും പിന്തുണയ്ക്കുക; ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ആളുകൾക്ക് അറിവിന്റെ തുടർച്ചയായ, സ്വമേധയാ ഉള്ളതും സ്വയം നടത്തുന്നതുമായ പരിശ്രമം സാധ്യമാക്കുക;
- വ്യക്തിഗത സൃഷ്ടിപരമായ വികസനത്തിന് അവസരങ്ങൾ നൽകുക; ഭാവനയും, സർഗ്ഗാത്മകതിയും, ജിജ്ഞാസയും, സഹാനുഭൂതിയും ഉത്തേജിപ്പിക്കുക;

- കുട്ടിക്കാലം മുതൽ വായനാശീലം സൃഷ്ടിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക;
- വിവരമുള്ള, ജനാധിപത്യ സമൂഹത്തെ സജ്ജീകരിക്കുന്ന നിലയിൽ എഴുതുവാനും വായിക്കുവാനും ഉള്ള കഴിവുകൾ വളർത്തിയെടുക്കുന്നതിനുള്ള സാക്ഷരതാ പ്രവർത്തനങ്ങളിലും പരിപാടികളിലും തുടക്കമിടുകയും പിന്തുണയ്ക്കുകയും പങ്കെടുക്കുകയും, എല്ലാ പ്രായത്തിലുമുള്ള ആളുകൾക്ക് മാധ്യമ വിവര സാക്ഷരതയുടെയും, ഡിജിറ്റൽ സാക്ഷരതയുടെയും കഴിവുകളുടെ വികസനം സുഗമമാക്കുകയും ചെയ്യുക;
- ഡിജിറ്റൽ സാങ്കേതികവിദ്യകളിലൂടെ അവരുടെ സമൂഹങ്ങൾക്ക് നേരിട്ടും വിദൂരമായും സേവനങ്ങൾ നൽകുക; സാധ്യമാകുമ്പോഴെല്ലാം വിവരങ്ങളിലേക്കും, ശേഖരണങ്ങളിലേക്കും, പരിപാടികളിലേക്കും പ്രവേശനം നൽകുക;
- സാമൂഹിക ഘടനയുടെ കാതലായ ഗ്രന്ഥശാലയുടെ പങ്ക് അംഗീകരിച്ചുകൊണ്ട്, എല്ലാ ആളുകൾക്കും എല്ലാത്തരം സാമൂഹികവിവരങ്ങളിലേക്കും,  സമൂഹം സംഘടിപ്പിക്കുന്നതിനുള്ള അവസരങ്ങളിലേക്കും പ്രവേശനം നൽകുക;
- വായനശാലകളുടെ സമൂഹങ്ങൾക്ക് ശാസ്ത്രീയ വിജ്ഞാനത്തിലേക്ക് പ്രവേശനം നൽകുക — ഉദാഹരണത്തിന്: അവരുടെ ഉപയോക്താക്കളുടെ ജീവിതത്തെ സ്വാധീനിക്കാൻ കഴിയുന്ന ആരോഗ്യ വിവരങ്ങളും, ഗവേഷണ ഫലങ്ങളും; ശാസ്ത്രീയ പുരോഗതിയിൽ പങ്കെടുക്കൽ സാധ്യമാക്കുക;
- പ്രാദേശിക സംരംഭങ്ങൾക്കും, കൂട്ടായ്മകൾക്കും, തുല്യ ചിന്തകളുള്ളവർക്കും പര്യാപ്തമായ വിവര സേവനങ്ങൾ നൽകുക;

- പ്രാദേശിക അടിസ്ഥാനവിവരത്തിലേക്കും, അറിവിലേക്കും, പൈത്രികത്തിലേക്കും (വാമൊഴി പാരമ്പര്യം ഉൾപ്പെടെ) പ്രവേശനം നൽകുകയും ഇവയേ സംരക്ഷിക്കുകയും ചെയുക; സമൂഹത്തിന്റെ ആഗ്രഹങ്ങൾക്ക് അനുസൃതമായി, കണ്ടെത്തുവാനും, സംരക്ഷിക്കുവാനും, പങ്കിടാനുമുള്ള സാമഗ്രികൾ തിരിച്ചറിയുന്നതിൽ പ്രാദേശിക സമൂഹത്തിന് സജീവമായ പങ്ക് വഹിക്കാൻ കഴിയുന്ന ഒരു അന്തരീക്ഷം നൽകുക;
- സംസ്കാരങ്ങൾ തമ്മിലുള്ള സംവാദം വളർത്തുകയും, സാംസ്കാരിക വൈവിധ്യത്തെ അനുകൂലിക്കുകയും ചെയ്യുക;
- പരമ്പരാഗത മാധ്യമങ്ങളിലൂടെയും, ഡിജിറ്റൈസ് ചെയ്തതും, ഡിജിറ്റലായി സൃഷ്ടിച്ചതുമായ സാമഗ്രികളിലൂടെയും പ്രകടിപ്പിച്ച ശാസ്ത്രീയ അറിവിലേക്കും, ഗവേഷണത്തിലേക്കും, നവരീതികളിലേക്കും, സാംസ്കാരിക പ്രകടനങ്ങളിലേക്കും, പൈതൃകങ്ങളിലേക്കുമുള്ള പ്രവേശനവും, ഇവയുടെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുക; കലകളുടെ ആസ്വാദനം പ്രോത്സാഹിപ്പിക്കുക;

## ധനസഞ്ജയം, നിയമനിർമ്മാണം, നെറ്റവർക്ക്

അടിസ്ഥാനപരമായി പൊതു വായനശാലയുടെ കെട്ടിടത്തിലെക്കും, സേവനങ്ങളിലേക്കുമുള്ള പ്രവേശനം സൗജന്യമാവണം. പൊതു വായനശാലാ പ്രാദേശിക-രാഷ്ട്രീയതലത്തിലുള്ള അധികാരികളുടെ ഉത്തരവാദിത്വമാണ്. അന്താരാഷ്ട്ര കരാറുകൾക്കും ഉടമ്പടികൾക്കും അനുസൃതമായ, നിർദ്ദിഷ്ടവും, പുതുക്കിയതുമായ നിയമനിർമ്മാണം വായനാശാലയെ പിന്തുണയ്ക്കണം. ഇതിന് ദേശീയ-പ്രാദേശിക സർക്കാരുകൾ ധനസഹായം നൽകണം.

സംസ്കാരം, വിവര വിതരണം, സാക്ഷരത, വിദ്യാഭ്യാസം എന്നിവയ്ക്കായുള്ള ഏതൊരു ദീർഘകാല തന്ത്രത്തിന്റെയും അത്യന്താപേക്ഷിതമായ ഘടകമായിരിക്കണം വായനാശാല.

ഡിജിറ്റൽ യുഗത്തിൽ, പകർപ്പവകാശവും, ബൗദ്ധിക സ്വത്തവകാശ നിയമനിർമ്മാണവും പൊതു വായനശാലകൾക്ക് ഭൗതിക സാമഗ്രികളുടെ കാര്യത്തിലെന്നപോലെ, ന്യായമായ നിബന്ധനകളിൽ, ഡിജിറ്റൽ സാമഗ്രികൾ സംഭരിക്കാനും പ്രാപ്യമാകാനും അതേ ശേഷി ഉറപ്പാക്കണം.

രാജ്യവ്യാപകമായി, വായനശാലകൾ തമ്മിൽ ഏകോപനവും സഹകരണവും ഉറപ്പാക്കാൻ, നിയമനിർമ്മാണവും തന്ത്രപ്രധാനമായ പദ്ധതികളും യോജിച്ച സേവന നിലവാരത്തെ അടിസ്ഥാനമാക്കി ദേശീയ വായനശാലകളുടെ ശൃംഖലയെ നിർവചിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

ദേശീയപും, പ്രാദേശികവും, ഗവേഷണവും, പ്രത്യേക വായനശാലകളുമായും, കൂടാതെ, സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ വായനശാലകളുമായും ബന്ധപ്പെട്ട് പൊതു വായനശാലകളുടെ ശൃംഖല രൂപകൽപ്പന ചെയ്തിരിക്കണം.

## പ്രവർത്തനവും നിരാഹണവും

പ്രാദേശിക സമൂഹത്തിന്റെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ലക്ഷ്യങ്ങളും, മുൻഗണനകളും, സേവനങ്ങളും നിർവചിച്ചുകൊണ്ട് വ്യക്തമായ നയം രൂപീകരിക്കണം. പ്രാദേശിക അറിവും, സമൂഹത്തിന്റെ പങ്കും ഈ പ്രക്രിയയിൽ പ്രാധാന്യമാണ്. അതിനാൽ,

പ്രാദേശിക സമൂഹങ്ങൾ തീരുമാനം എടുക്കുന്ന നടപടിക്രമങ്ങളിൽ ഉൾപ്പെടണം.

പൊതു വായനശാല ഫലപ്രദമായി സംഘടിപ്പിക്കണം. പ്രവർത്തനത്തിന്റെ മുറപ്രകാരമായ മാനദണ്ഡങ്ങൾ പാലിക്കണം.

സേവനങ്ങൾ ഭൗതികമായോ ടിജിറ്റലായോ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യമാക്കണം. ഇതിന് നന്നായി സ്ഥിതി ചെയ്യ്ത്തിട്ടുള്ളതും സജ്ജീകരിച്ചതുമായ വായനശാലാകെട്ടിടങ്ങൾ, നല്ല വായന-പഠന സൗകര്യങ്ങൾ, കൂടാതെ പ്രസക്തമായ സാങ്കേതിക വിദ്യകളും, ഉപയോക്താക്കൾക്ക് സൗകര്യപ്രദമായ പ്രവർത്തന സമയവും, എന്നിവ ആവശ്യമാണ്. വായനശാല സന്ദർശിക്കാൻ കഴിയാത്തവർക്കുള്ള ഔട്ട്റീച്ച് സേവനങ്ങളും ആവശ്യമാണ്.

ഗ്രാമീണ, നഗര പ്രദേശങ്ങളിലെ സമൂഹങ്ങളുടെ വ്യത്യസ്ത ആവശ്യങ്ങൾക്കും, അതുപോലെ പാർശ്വവൽക്കരിക്കപ്പെട്ട വർഗ്ഗങ്ങൾ, മാനസികമായോ ശാരീരികമായോ വൈകല്യങ്ങളുള്ള ഉപയോക്താക്കൾ, ബഹുഭാഷാ ഉപയോക്താക്കൾ, സമൂഹത്തിലെ തദ്ദേശവാസികൾ, എന്നിവരുടെ ആവശ്യങ്ങൾക്കും വായനശാലയുടെ സേവനങ്ങൾ അനുയോജ്യമാക്കണം.

ഗ്രന്ഥശാലാധികാരി ഉപയോക്താക്കൾക്കും ഉറവിടങ്ങൾക്കുമിടയിൽ (ഡിജിറ്റലും പരമ്പരാഗതവുമായ) സജീവ ഇടനിലക്കാരനാണ്. ഇന്നത്തെയും വരുംകാലത്തിന്റെയും  പ്രതിസന്ധികൾ നേരിടാനും, പര്യാപ്തമായ സേവനങ്ങൾ നൽകാനും, വേണ്ട മാനുഷികവും ഭൗതികവുമായ ഉറവിടങ്ങൾ കൂടാതെ ഗ്രന്ഥശാലാധികാരിയുടെ തുടർച്ചയായ തൊഴിൽപരമായ വിദ്യാഭ്യാസവും ആവശ്യമാണ്.

ഉറവിടങ്ങളുടെ പര്യാപ്തമായ അളവും ഗുണനിലവാരവും നിർണ്ണയിക്കാൻ നേതൃത്വം വായനശാലാ പ്രൊഫഷണലുകളുമായി കൂടിയാലോചിക്കേണ്ടതാണ്.

എല്ലാ ഉറവിടങ്ങളിൽ നിന്നും പ്രയോജനം നേടുവാൻ ഉപയോക്താക്കളെ സഹായിക്കുവാൻ വേണ്ടി, ഔട്ട്‌റീച്ചിനും, ഉപയോക്താകളുടെ വിദ്യാഭ്യാസത്തിനുമായ പരിപാടികൾ നടത്തണം.

വായനശാലകളുടെ സാമൂഹിക നേട്ടം നയരൂപകർത്താക്കൾക്ക് പ്രകടമാക്കുവാൻ വേണ്ടി, നടന്നുകൊണ്ടിരിക്കുന്ന ഗവേഷണം വായനശാലകളുടെ സ്വാധീനം വിലയിരുത്തുന്നതിലും, ഡാറ്റ ശേഖരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കണം. സമൂഹത്തിനുള്ളിലെ വായനശാലകളുടെ പ്രയോജനങ്ങൾ പലപ്പോഴും തുടർന്നുള്ള തലമുറകളിൽ കാണപ്പെടുന്നതിനാൽ, സ്ഥിതിവിവരക്കണക്കുകൾ ദീർഘകാലാടിസ്ഥാനത്തിൽ ശേഖരിക്കണം.

## പങ്കാളിത്തങ്ങൾ

വായനശാലകൾ വിശാലവും വൈവിധ്യപൂർണ്ണവുമായ പൊതുജനങ്ങളിലേക്ക് എത്തിച്ചേരുവാൻ വേണ്ടി പങ്കാളിത്തങ്ങൾ സ്ഥാപിക്കുന്നത് അത്യാവശ്യമാണ്. പ്രസക്തമായ പങ്കാളികൾ — ഉദാഹരണത്തിന്: ഉപയോക്താക്കൾ, സ്കൂളുകൾ, എൻ.ജീ.ഒസ്, വായനശാലാ അസോസിയേഷനുകൾ, ഉദ്യോഗസ്ഥാപനങ്ങൾ, പ്രാദേശിക, ദേശീയ, അന്തർദേശീയ തലങ്ങളിലെ മറ്റ് പ്രൊഫഷണലുകൾ — എന്നിവയുമായി സഹകരണം ഉറപ്പാക്കേണ്ടതുണ്ട്.

## പ്രകടനപത്രിക നടപ്പിലാക്കുവാൻ

ദേശീയ-പ്രാദേശിക തലങ്ങളിൽ തീരുമാനമെടുക്കുന്നവരോടും, ലോകമെമ്പാടുമുള്ള ഗ്രന്ഥശാലാ സമൂഹത്തോടും ഈ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന തത്വങ്ങൾ നടപ്പിലാക്കാൻ ഇതിനാൽ അഭ്യർത്ഥിക്കുന്നു.

*18 ജൂലൈ 2022*